# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3038 — 22.6.2012-ൽ മറുപടിയ്ക്ക്

### ജൈവ പച്ചക്കറി കൃഷി

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, അൻവർ സാദത്ത്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ജൈവ പച്ചക്കറി വ്യാപന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) പച്ചക്കറിയിലെ കീടനാശിനി/ രാസവളപ്രയോഗം പൂർണ്ണമായും ഒഴിവാക്കുക. അതിലൂടെ ഉപഭോക്താവിന് വിഷവിമുക്തവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുക, മണ്ണിന്റെ സ്വാഭാവിക ഘടന നിലനിർത്തുക, പച്ചക്കറി കൃഷിയിലൂടെ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതിരിക്കുക. ജൈവ ഉത്പാദനോപാധികളുടെ ഉത്പാദനത്തിനുള്ള പരിശീലനം ബോധവൽക്കരണ സെമിനാറുകൾ ജൈവ ഉത്പന്നങ്ങളുടെ വിപണന സഹായവും പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; | (ബി) കൃഷി വകുപ്പ് വയനാട് ഓർഗാനിക്ക് അഗ്രികൾച്ചർ കൺസോഷ്യം സൊസൈറ്റിയുടെ സഹായത്തോടെയാണ് ടി പദ്ധതി നടപ്പാക്കുന്നത്. |
| (സി) കർഷകർക്ക് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളും ആണ് പദ്ധതി നടപ്പാക്കാൻ നൽകിവരുന്നത്? | (സി) ജൈവകൃഷി വ്യാപന പദ്ധതിക്കായി കർഷകർക്ക് ഹെക്ടറിന് 10000/-രൂപ പരിവർദ്ധന കാലഘട്ടത്തിലുള്ള വരുമാന സഹായമായി നല്കി വരുന്നു. നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധ |

വ്യഞ്ജനങ്ങൾ എന്നീ വിളകൾക്കാണ് സഹായധനം. ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം, ജൈവ ഉത്പാദനോപാധികളുടെ ഉത്പാദനം, ജൈവ ഉത്പനങ്ങളുടെ വിപണനത്തിനുള്ള സഹായം പരിശീലനം ബോധവൽക്കരണം എന്നിവ നൽകാൻ ലക്ഷ്യമിടുന്നു. 2011-12 വർഷത്തിൽ 449.98 ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചു. 2012-13 വർഷത്തിലാകട്ടെ 1000 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന 'വെർജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി പ്രകാരം 101.25 ലക്ഷം രൂപ ധനസഹായത്തോടുകൂടി 500 ഹെക്ടറിൽ കർഷക കൂട്ടായ്മ രൂപീകരണം, 9 ലക്ഷം രൂപ ധനസഹായത്തോടെ 6 ലക്ഷം നടീൽ വസ്തുക്കളുടെ ഉത്പാദനം, 10.80 ലക്ഷം രൂപ ധനസഹായത്തോടെ 36 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, 1.25 ലക്ഷം രൂപ ധനസഹായത്തോടെ 25 സ്ക്കൂളുകളിൽ ജൈവ പച്ചക്കറി തോട്ടം, 30000 കുടുംബങ്ങളിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷി , 5.625 ലക്ഷം രൂപ ധനസഹായത്തോടെ 2500 വീടുകളിൽ അടുക്കളത്തോട്ടം, 95.24 ലക്ഷം രൂപ ധനസഹായത്തോടെ 500 ഹെക്ടർ സ്ഥലത്ത് തുറസ്സായ സ്ഥലങ്ങളിലെ പച്ചക്കറി കൃഷി, 3.6 ലക്ഷം രൂപ ധനസഹായത്തോടെ സങ്കരയിനം പച്ചക്കറി കൃഷി, 9.35 ലക്ഷം രൂപ ധനസഹായത്തോടെ സംരക്ഷിത കൃഷി, 6.3 ലക്ഷം രൂപ ധനസഹായത്തോടെ 630 ഹെക്ടർ സ്ഥലത്ത് സംയോജിത

കീടരോഗ നിയന്ത്രണം, 30.375 ലക്ഷം രൂപ ധനസഹായത്തോടെ കൂൺ കൃഷി, 10 ലക്ഷം രൂപ ധനസഹായത്തോടെ 10 സഞ്ചരിക്കുന്ന വിൽപ്പനകേന്ദ്രങ്ങൾ, 6.4255 ലക്ഷം രൂപ ധനസഹായത്തോടെ 3 വിത്തു വിപണന യന്ത്രങ്ങൾ. എന്നീ സഹായങ്ങൾ നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**